# കെ. എസ്. എഫ്. ഇ. മാനേജ്മെന്റിന് ഒരു തുറന്ന കത്ത്

അധികാരികളുടെ ശ്രദ്ധയ്ക്ക്,

പശ്ചാത്തല സൗകര്യവികസനത്തിലും ഓൺലൈൻ പ്രവർത്തനങ്ങളിലും നമ്മുടെ സ്ഥാപനത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് നല്ല ധാരണയുള്ളവരാണ് കെ.എസ്.എഫ്.ഇ ജീവനക്കാർ. അതുകൊണ്ട് തന്നെ സ്ഥാപനത്തിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന സർക്കാരിന്റെയും മാനേജ്മെന്റിന്റെയും ദൃഢനിശ്ചയത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. 'സുതാര്യമായ ഇടപാടുകൾ, ഇടപാടുകാരുടെ വിശ്വാസം' ഇത് സ്ഥാപനത്തിന്റെ നിലനിൽപ്പിന് അത്യന്താപേഷിതമാണെന്നും ഞങ്ങൾ മനസിലാക്കുന്നു. അതുകൊണ്ടാണ് സ്ഥാപനത്തിന്റെ ഓൺലൈൻ പ്രവർത്തനങ്ങളെ ഞങ്ങൾ സർവാത്മനാ പിന്തുണയ്ക്കുകയും ആത്മാർത്ഥമായ കൃത്യനിർവ്വഹണം നടത്തുകയും ചെയ്യുന്നത്.

എന്നാൽ ജീവനക്കാരുടെ ആത്മവീര്യം കെടുത്തുന്ന നടപടികളാണ് തുടരെത്തുടരെ ഉണ്ടാകുന്നതെന്ന് പറയാതെവയ്യ. മിക്ക ദിവസങ്ങളിലും (പ്രത്യേകിച്ച് തിരക്കുള്ള ദിവസങ്ങളിൽ) 12 മണിവരെയും ശാഖകൾക്ക് പ്രവർത്തിക്കാനാകുന്നില്ല. അന്വേഷിക്കുമ്പോൾ തൃപ്തികരമായ മറുപടിയില്ല. ചിലപ്പോൾ പറയും "Server down ആണ്. ഇപ്പോൾ ശരിയാകും."ഉച്ചകഴിഞ്ഞാൽ സെർവർ വീണ്ടും down ആകും. പിന്നെ രാത്രി 8 മണിക്ക് നോക്കിയാൽ മതി. ഇടപാടുകാർ അസ്വസ്ഥരാകുകയും High Value Customers സ്ഥാപനത്തോട് പിണങ്ങിപ്പോകുകയുമാണ്. ഇടപാടുകാരുമായുള്ള ആശയവിനിമയം ദുഷ്കരമാകുന്നതിനാൽ ജീവനക്കാർ പ്രത്യേകിച്ച് Front Office ജീവനക്കാർ കടുത്ത മാനസികസമ്മർദ്ദം അനുഭവിക്കുകയാണ്. ഇതോടൊപ്പമാണ് IDLI, ILAVU പദ്ധതികളുടെ പേരിലുള്ള അധികജോലി അടിച്ചേൽപ്പിക്കുന്നത്. HO, RO തലങ്ങളിൽനിന്നും ആവശ്യത്തിനും അനാവശ്യത്തിനും സ്റ്റേറ്റ്മെന്റുകൾ തുടർച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. Data തയ്യാറാക്കൽ പൊടിപൊടിക്കുന്നു. ജോലി ചെയ്യാൻ സമയമില്ല. കെ.എസ്.എഫ്.ഇ ജീവനക്കാരിൽ ബഹുഭൂരിപക്ഷവും വനിതകളാണ്. ഗർഭിണികളും കൈക്കുഞ്ഞുങ്ങളുള്ളവരും ശാരീരികമായ അസ്വസ്ഥതകളുള്ളവരും ഇതിൽപ്പെടും. കിലോമീറ്ററുകൾ സഞ്ചരിച്ച് അതിരാവിലെ ഓഫീസിലെത്തുന്നവർ, പാതിരാത്രിയായാലും പോകാൻ കഴിയാത്ത സ്ഥിതിയാണ്. വിജനമായ രാത്രികളിൽ, വനിതാ ജീവനക്കാർ സഞ്ചരിക്കേണ്ടിവരുന്നത് ആശാസ്യമാണോ? ഇവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ എന്തു നടപടിയാണ് മാനേജ്മെന്റ് സ്വീകരിച്ചിട്ടുള്ളത്?

കെ.എസ്.എഫ്.ഇയിലെ ഓൺലൈൻ പ്രവർത്തനത്തിന്റെ കാര്യക്ഷമത അടിയന്തിരമായി ചർച്ച ചെയ്യണം. ഓൺലൈൻ പ്രവർത്തനത്തിന്റെ Implementation ഉൾപ്പെടെയുള്ള ചുമതലകൾ പൂർണ്ണമായും workmen ജീവനക്കാരെ ഏൽപിച്ച് ഓഫീസർമാർ കൈകഴുകുന്നത് അംഗീകരിക്കാനാകില്ല. സോഫ്റ്റ്‌വെയറിന്റെ അപാകതയാണെങ്കിൽ ശേഷിയുള്ള vendors-നെ കണ്ടെത്തി പുതിയ സോഫ്റ്റ്‌വെയറിന് രൂപം നൽകുന്നതിനെക്കുറിച്ച് മാനേജ്മെന്റ് ഗൗരവമായി ചിന്തിക്കണം. ഗൗരവമായ പരിശോധനയും തിരുത്തലുമാണ് അടിയന്തിര ആവശ്യം.

ജീവനക്കാരുടെ ക്ഷമയും സഹനശക്തിയും ഒരു ദൗർബല്യമായി കാണാതെ, ശക്തമായ തിരുത്തൽ നടപടി സ്വീകരിക്കാൻ മാനേജ്മെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭസമരങ്ങൾക്ക് നേതൃത്വം നൽകുമെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വാസപൂർവ്വം,

**മുരളീകൃഷ്ണപിള്ള.എസ്**
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ അസോസിയേഷൻ (സി.ഐ.ടി.യു)

14/02/2017